# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6643 01.11.2011-ൽ മറുപടിയ്ക്ക്

## കുഴൽകിണറുകൾക്ക് നിയന്ത്രണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ | | ശ്രീ. പി.ജെ.ജോസഫ് ( ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | ഭൂഗർഭ ജലനിരപ്പ് അപകടകരമാം നിലയിൽ താഴ്ന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ അനിയന്ത്രിതമാം വിധം കുഴൽകിണറുകൾ കുഴിക്കുന്നത് തടയുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | ഭൂഗർഭ ജലനിരപ്പ് അപകടകരമാം നിലവിൽ താഴ്ന്ന്കൊണ്ടിരിക്കുന്ന പ്രദേശങ്ങളിൽ ഭൂജല ആക്റ്റ് പ്രകാരം നിയന്ത്രണങ്ങൾ നിലവിലുണ്ട്. ഭൂഗർഭ ജലനിരപ്പ് അപകടകരമാംവിധം താഴ്ന്ന്കൊണ്ടിരിക്കുന്ന പ്രദേശങ്ങളെ ആക്റ്റ് പ്രകാരം ഭൂജല അതോറിറ്റി വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ടി പ്രദേശങ്ങളിൽ 2002ൽ പാസ്സാക്കിയ കേരള ഭൂജലം ( നിയന്ത്രണവും ക്രമീകരണവും) ആക്റ്റ് പ്രകാരം ഭൂജല അതോറിറ്റിയിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് കുഴൽ കിണർ (ഗാർഹിക ആവശ്യത്തിനൊഴികെ) നിർമ്മിക്കാനോ നിലവിലുള്ള കിണറുകൾ പമ്പ് ചെയ്യുന്ന കിണറുകളായി പരിവർത്തനം ചെയ്യാനോ അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. |
| (ബി) | ഇത്തരം പ്രദേശങ്ങളിൽ നിലവിലുള്ള കിണറുകളിലെ വെള്ളം വറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | സംസ്ഥാനത്തെ അമിതചൂഷണ ബ്ലോക്കുകളിൽ കിണറുകളിലെ വെള്ളം വേനൽകാലങ്ങളിൽ വറ്റുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

(സി) ഇത്തരം സ്ഥലങ്ങളിൽ കുഴക്കിണർ കുഴിക്കുന്നത് തടയുവാൻ നടപടി സ്വീകരിക്കുമോ?

(സി) വിജ്ഞാപനം ചെയ്യപ്പെട്ട പ്രദേശങ്ങളിൽ കിണർ (ഗാർഹിക ആവശ്യത്തിനൊഴികെ) നിർമ്മിക്കുവാനോ നിലവിലുള്ള കിണറുകൾ പമ്പിംഗ് കിണറുകളായി പരിവർത്തനം ചെയ്യുവാനോ അതോറിറ്റിയുടെ പെർമിറ്റ് ആവശ്യമാണ്. ആ പ്രദേശങ്ങളിലെ ഭൂജലത്തിന്റെ ലഭ്യതയും ഗുണനിലവാരവും നിലവിലുള്ള കിണറുകളുടെ എണ്ണവും അകലവും മറ്റും പരിഗണിച്ച് അതോറിറ്റി പെർമിറ്റ് നിരസിക്കുകയോ അനുവദിക്കുകയോ ചെയ്യാറുണ്ട്.

സെക്ഷൻ ഓഫീസർ